(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര സബ്ട്രഷറികൾ പുതുതായി ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) നൂറനാട് വൺമാൻ ട്രഷറി, സബ്ട്രഷറി ആക്കുന്നതിനുള്ള തടസ്സം കാരണങ്ങൾ എന്തൊക്കെ ആണെന്ന് വ്യക്തമാക്കാമോ;

(ഡി) എന്നത്തേക്ക് നൂറനാട് സബ്ട്രഷറി ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നൂറനാട് സബ്ട്രഷറി ആരംഭിക്കുന്നതിനുള്ള തീരുമാനം 2006-07 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 5 സബ് ട്രഷറികൾ പുതുതായി പ്രവർത്തനം ആരംഭിച്ചു.— ആലക്കോട്, വണ്ടൂർ, മണലൂർ, മാന്നാർ, കടയ്ക്കാവൂർ.

(സി) (എ)യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) അടുത്ത സാമ്പത്തിക വർഷത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

ദീപിക പത്രത്തിന്റെ ന്യൂസ്വേ സാമ്പത്തിക ഇടപാട്

30 [487] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീപിക പത്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ന്യൂസ്വേ എന്ന സാമ്പത്തിക ഇടപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത് സംബന്ധിച്ച എന്തെങ്കിലും പരാതികൾ ധനകാര്യ വകുപ്പിന് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ന്യൂസ്വേ പദ്ധതിയിലെ പ്രധാന ഓഫറുകൾ എന്തെല്ലാം ആയിരുന്നു;

(സി) ഈ ഇടപാടിൽ നിരവധി പേർ കബളിക്കപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച പരാതികൾ ഒന്നുംതന്നെ ധനവകുപ്പിന് ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly